(ബി)

ചെലവഴിച്ച തുക

1991–92	..	3987802 രൂപ
1992–93	..	6548875 ,,
1993–94	..	7843854 ,,
1994–95	..	6974000 ,,
1995–96	..	7200000 ,,

മൃഗസംരക്ഷണവകുപ്പിൽനിന്നും എഴുതി തള്ളിയ തുക

46 [1980] ശ്രീ. എസ്. ശർമ്മ:

,, എം. പത്മകുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1993–94 ,1994–95, 1995–96 എന്നീ വർഷങ്ങളിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽ പശു, എരുമ, കാള, കോഴി, പന്നി, മുയൽ എന്നിവ എത്രവീതം ചത്തുപോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

വിശദവിവരങ്ങൾ താഴെ ചേർക്കുന്നു:

ഇനം	വർഷം		
	1993–94	1994–95	1995–96
പശു	26	17	13
എരുമ	33	41	28
കാള	ഇല്ല	ഇല്ല	ഇല്ല
കോഴി	123323	108410	76480
പന്നി	372	396	266
മുയൽ	22	18	17

സർക്കാരിന്റെ ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാം

47 [1981] ശ്രീ. വർക്കല രാധാകൃഷ്ണൻ:

,, ടി. ചാത്തു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 130 കോടി രൂപ മുതൽമുടക്കുള്ള യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടേയും കേരള സർക്കാരിന്റേയും സംയുക്താഭിമുഖ്യത്തിലുള്ള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെന്റ് പ്രോഗ്രാമിനുവേണ്ടി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്കീമനുസരിച്ച് സംസ്ഥാന സർക്കാർ പദ്ധതിക്ക് എന്ത് തുക വിഹിതമായി നൽകുമെന്ന് വെളിപ്പെടുത്താമോ;

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം പരിപാടികളാണ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള ഹോർട്ടിക്കൾച്ചർ ഡെവലപ്പ്മെൻറ് പ്രോഗ്രാമിനു വേണ്ടി ഇതുവരെ 32·34 കോടി രൂപ ചെലവഴിച്ചു.

(ബി) ഈ പദ്ധതിയിൽ സംസ്ഥാന സർക്കാരിൻെറ മൊത്തം വിഹിതം 25·33 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് ഇതുവരെ നടപ്പാക്കിയ പരിപാടികൾ താഴെ വിവരിക്കുന്നു:

(എ) പഴം–പച്ചക്കറി കൃഷിയുടെ പ്രശ്നങ്ങൾ പഠിക്കുവാൻ വേണ്ടി ഒരു സർവ്വേ നടത്തുകയും കൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ ക്രോഡീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പഴം–പച്ചക്കറി കൃഷിയുടെ പ്രശ്നങ്ങൾക്ക് സാങ്കേതിക പരിഹാരം തേടുന്നതിനുവേണ്ടി ഒരു പ്രത്യേക ഗവേഷണ പദ്ധതി 1994 മുതൽ ആരംഭിച്ചിട്ടുണ്ട്.

(സി) മേൻമയേറിയ പച്ചക്കറി വിത്തുകൾ പച്ചക്കറി കൃഷിക്കാർക്ക് ലഭ്യമാക്കാൻവേണ്ടി ഒരു പച്ചക്കറി വിത്തുൽപ്പാദന പദ്ധതി നടപ്പാക്കിവരുന്നു. ഇതോടനുബന്ധിച്ച് ഒരു വിത്ത് സംസ്ക്കരണ ശാലയുടെ പ്രവർത്തനവും പുരോഗമിച്ചുവരുന്നു.

(ഡി) ശാസ്ത്രീയരീതിയിൽ കൃഷി ചെയ്യുന്നതിനുവേണ്ടി ഒരു പരിശീലന പരിപാടി എല്ലാ പഴം–പച്ചക്കറി കർഷകർക്കുംവേണ്ടി നടത്തിവരുന്നു.

(ഇ) സ്വന്തമായി കൃഷിഭൂമിയില്ലാത്തവർക്കുപോലും പഴം–പച്ചക്കറി കൃഷി ചെയ്യുന്നതിനുവേണ്ടി, വിളയുടെ മാത്രം ജാമ്യത്തിൽ വായ്പ ലഭ്യമാക്കുന്നുണ്ട്. ഈ ഇനത്തിൽ ഇതിനോടകംതന്നെ 3 കോടിയിൽപ്പരം രൂപ കൃഷിക്കാർക്ക് ലഭ്യമാക്കിക്കഴിഞ്ഞു.

(എഫ്) നൂതന സാങ്കേതിക വിദ്യകൾ കൃഷിക്കാർക്ക് മനസ്സിലാക്കാൻവേണ്ടി 18 മാതൃകാ പ്രദർശനത്തോട്ടങ്ങൾ തിരുവനന്തപുരം, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ തുടങ്ങിക്കഴിഞ്ഞു.

(ജി) പഴം–പച്ചക്കറി കൃഷിക്കാർക്ക് മതിയായ വില ലഭ്യമാക്കുന്നതിനുവേണ്ടി ഒരു നൂതന വിപണന സമ്പ്രദായം കേരളത്തിലെ 5 സെൻറ്റുകളിൽ ഇതിനോടകംതന്നെ മേല്പറഞ്ഞ പദ്ധതിയിൻകീഴിൽ തുടങ്ങാൻ കഴിഞ്ഞു.

(എച്ച്) പഴം–പച്ചക്കറി കൃഷിക്കാർക്ക് വില നിലവാരം അന്നന്ന് മനസ്സിലാക്കുന്നതിനുവേണ്ടി ഒരു മാർക്കറ്റ് ഇൻഫർമേഷൻ സെൻറർ എറണാകുളം കേന്ദ്രമായി കഴിഞ്ഞ ഒന്നര വർഷമായി പ്രവർത്തിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly